സ്വാതന്ത്ര്യത്തിന്റെ അമൃത മഹോത്സവ റിപ്പോർട്ട്

ഭാരതം സ്വതന്ത്രയായതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് മമ്മിയൂർ ലിറ്റിൽ ഫ്ലവർ കോൺവെന്റ് ഗേൾസ് ഹയർ സെക്കന്ററി വിദ്യാലയത്തിൽ വൈവിധ്യമാർന്ന പരിപാടികളോടെ ആഘോഷിച്ചു. സ്വാതന്ത്യത്തിന്റെ അമൃത മഹോത്സവം വളരെ നല്ല രീതിയിൽ നടത്തപ്പെട്ടു.ഇത് കുട്ടികൾക്കും അധ്യാപകർക്കും ഒരുപോലെ ആവേശ ജനകമായിരുന്നു. " സ്വാതന്ത്ര്യത്തിന്റെ കൈയ്യൊപ്പ്" പരിപാടി വാർഡ് കൗൺസിലർ ശ്രീമതി ബേബി ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ അങ്കണത്തിൽ വാർഡ് കൗൺസിലർ ശ്രീമതി ബേബി ഫ്രാൻസിസ്, പി.ടി.എ.പ്രസിഡൻറ് ശ്രീ. ബദറുദ്ദീൻ.പി.വി, പി.ടി.എ.വൈസ് പ്രസിഡന്റ്

ശ്രീ.സൈസൺ മാറോക്കി
എന്നിവരുടെ നേതൃത്യത്തിൽ
റം ബൂട്ടാൻ വൃക്ഷതൈ
"ഗാന്ധി മരം" നട്ടു. 12-ാം തിയ്യതിയിലെ"
ഇന്ത്യൻ ഭരണഘടനയുടെ ആമുഖ
വായന"യ്ക്ക് ജനപ്രതിനിധികളും
പി.ടി.എ.പ്രസിഡന്റ്, പി.ടി.എ.വൈസ്
പ്രസിഡന്റ്, എം.പി.ടി.എ.പ്രസിഡന്റ്
ശ്രീമതി റിമി സാജു എന്നിവരും
സന്നിഹിതരായിരുന്നു.യു.പി,
ഹൈസ്കൂൾ, ഹയർ സെക്കന്ററി
വിഭാഗങ്ങൾക്കായി പ്രസംഗം, ദേശഭക്തി
ഗാനം ,സ്വാതന്ത്ര്യദിന ക്വിസ്, ചിത്രരചന
എന്നിങ്ങനെ വിവിധ മത്സരങ്ങളും
നടന്നു .നമ്മുടെ നാടിന്റെ
ഭരണഘടനയെക്കുറിച്ചും രാജ്യം ഉറപ്പു
നൽകുന്ന
മൗലികാവകാശങ്ങളെക്കുറിച്ചും
കർത്തവ്യങ്ങളെക്കുറിച്ചും ഒരു
ബോധവൽക്കരണം ഉണ്ടാകാനും
അമൃതോത്സവം ഉപകരിച്ചു.